**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ</u>**
**<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീ ജോയൽ.ടി.എ യ്ക്ക് ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ക്ലാർക്ക് തസ്തികയിൽ നിയമന - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1.സർക്കാർ ഉത്തരവ് നം..(കൈ). 203/2025/ ആ.കു.വ.,( എച്ച്) തീയതി: 29/07/2025.
2.കത്ത് നം. എ2- /5840/2020 /ജി.മെ.ഓ.(ആ.), പാലക്കാട് , തീയതി :08-12-2025
3.സ.ഉ (അച്ചടി) നം. 45/91/ഉഭപവ, തീയതി 30.12.1991.
4. സ.ഉ (അച്ചടി) നം. 12/99/ഉഭപവ, തീയതി 24.05.1999.
5.സ.ഉ (പി) നമ്പർ 06/2012/ഉ.ഭ.വ തീയതി.03/02/2012.
6.സ.ഉ.(അച്ചടി)നം.12/2023/ഉ.ഭ.പ.വതീയതി14.07.2023

**<u>ഉത്തരവ് നം : DHS/30522/2025-ED1 തിയതി : 20-12-2025</u>**

സർക്കാർ സർവ്വീസിൽ ഉത്തരവാദിത്വത്തോടുകൂടിയ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായുണ്ടാകുന്ന അപകട മരണം / അസ്വാഭാവിക മരണം സംഭവിച്ച ജീവനക്കാരുടെ ആശ്രിതർക്കു വേണ്ടിയുള്ള നിയമന പദ്ധതി" സംബന്ധമായ മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന 03/02/2012 തീയതിയിലെ സ.ഉ (പി) നമ്പർ 06/2012/ഉ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക (ix) പ്രകാരം ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ തിരൂർ ജില്ലാ ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തു വരവെ 24.01.2024-ൽ മരണപ്പെട്ട മിനി.ടി.ജെ യുടെ മകൻ ശ്രീ.ജോയൽ ടി.എയ്ക്ക്, മാതൃവകുപ്പായ ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിലവിലുള്ളതോ ഏറ്റവും ആദ്യം ഉണ്ടാകുന്നതോ

ആയ ഒഴിവിൽ നിയമനം നൽകുന്നതിന്, സർക്കാർ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ ആശ്രിത നിയമന പദ്ധതി പ്രകാരം ശ്രീ.ജോയൽ ടി.എ്യ്യ് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ രൂപ **26500 - 60700** ശമ്പള സ്കെയിലിൽ താഴെ പറയുന്ന പ്രകാരം നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പേര്, അഡ്രസ് | നിയമന ഉത്തരവ് | അപേക്ഷാ തീയതി | ആവശ്യപ്പെട്ടിരിക്കുന്ന ജില്ല | ജനന തീയതി | നിയമിച്ചിരിക്കുന്ന ജില്ല |
|---|---|---|---|---|---|---|
| **1** | ശ്രീ.ജോയൽ ടി എ<br>**S./O. Late.**മിനി ടി ജെ,<br>തോപ്പിൽ വീട്,<br>വെട്ടുക്കടവ്,<br>ചാലക്കുടി പി ഒ ,<br>തൃശൂർ **-68037** | സ:ഉ നം.(കൈ) **203/2025/** ആ. കു.വ.(എച്ച്) തീയതി: **29/07/2025.** | **01.06. 2024** | തൃശൂർ | **11.01.1999** | പാലക്കാട് |

3. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ടി ഉദ്യോഗാർത്ഥിയുടെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച ശേഷം ഉചിതമായ നിയമന ഉത്തരവ് നൽകേണ്ടതും ജോലിയിൽ പ്രവേശിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

4. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷിക്കുന്ന വ്യക്തിക്ക് നിയമനത്തിനായി സൗകര്യപ്രദമായ ജില്ല തെരഞ്ഞെടുക്കുവാൻ അർഹതയുണ്ട്. ആയതിനാൽ, ടി ഉദ്യോഗാർത്ഥി തെരഞ്ഞെടുത്ത തൃശ്ശൂർ ജില്ലയിൽ ആശ്രിത നിയമനത്തിന് ഒഴിവ് വരുന്ന മുറക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലംമാറ്റം നൽകുന്നതാണ്.

5. ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിക്കുന്നത് മുതൽക്ക് പരേതയായ ജീവനക്കാരിയുടെ വിഭാര്യൻ, മകൾ എന്നിവരെ അവരുടെ ജീവിതാന്ത്യം വരെയും സംരക്ഷിക്കേണ്ടതാണ്. പരാമർശം (5) ഉത്തരവിലെ 5 (X) പ്രകാരം ആയത് ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള ഒരു സമ്മതപത്രം ടിയാനിൽ നിന്നും നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6. ഉദ്യോഗാർത്ഥി സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചത് എന്ന് ബോദ്ധ്യമാവുകയോ ചെയ്താൽ ടി അനുമതി ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ശ്രീ.ജോയൽ ടി.എ യ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ പരേതയായ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും പരേതയായ ജീവനക്കാരി അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ചേർത്ത് ബന്ധപ്പെട്ട ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ഒരു ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതിയിലെ തെറ്റു തിരുത്തുന്നത് സംബന്ധിച്ച് പരാമർശം (3) ലെ വ്യവസ്ഥകൾ നിയമനാധികാരി പുറപ്പെടുവിക്കുന്ന നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. മേൽ നിയമനം ബഹു: സുപ്രീം കോടതിയുടെ SLP No(s) 16560-571 of 2025 and 16572-578 of 2025 -ലെ അന്തിമ വിധിക്ക് വിധേയമായിരിക്കും

9.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവ് നിയമനത്തിനായുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
M. Abul Kalam
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
Date: 20-12-2025 16:17:27

സ്വീകർത്താവ്: ശ്രീ.ജോയൽ ടി എ

**S./O. Late.**മിനി ടി ജെ തോപ്പിൽ വീട് വെട്ടുക്കടവ് ചാലക്കുടി പി ഓ തൃശൂർ **-68037**

പകർപ്പ് :

**1.** ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.

**2.** ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം /പാലക്കാട് /തൃശൂർ

**3.** ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്.സൈറ്റ്.

**4.** ഫയൽ/കരുതൽ ഫയൽ.